പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 605 **13-10-2026-ൽ മറുപടിയ്ക്ക്**

കുട്ടനാട് 66 കെ.വി സബ്സ്റ്റേഷനെ 110 കെ.വിയായി ഉയർത്തുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കുട്ടനാട് 66 കെ.വി സബ്സ്റ്റേഷനെ 110 കെ.വി സബ്സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഈ പ്രവൃത്തി ഏത് സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ;

മറുപടി: കുട്ടനാട് Flood Resilience പാക്കേജ് (RKI) പദ്ധതിയുടെ ഭാഗമായി 66 കെ.വി കുട്ടനാട് സബ്സ്റ്റേഷൻ 110 കെ.വി ആയി ഉയർത്തുന്നതിനും അനുബന്ധ ലൈൻ നിർമ്മാണത്തിനുമായി 19.25 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. സബ്സ്റ്റേഷൻ പ്രവൃത്തികൾ 70% പൂർത്തീകരിച്ചു. പുന്നപ്ര-കോടിമത ലൈനിൽ നിന്നും LILO ആയി പൂപ്പള്ളിയിൽ നിന്നും കുട്ടനാടിലേയ്ക്ക് 110 കെ.വി.ലൈൻ നിർമ്മാണം 3% ആണ് പൂർത്തീകരിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ ആദ്യത്തെ കരാറുകാരന്റെ വീഴ്ചയെത്തുടർന്ന കരാർ നിർത്തലാക്കുകയും തുടർന്ന് വീണ്ടും ടെണ്ടർ ക്ഷണിയ്ക്കുകയും ചെയ്തു. ഇതിൽ ടെണ്ടർ തുക 46.6% കൂടുതൽ ആണ് രേഖപ്പെടുത്തിയത് പദ്ധതിയുടെ അംഗീകാരം ഇപ്പോൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ പള്ളം സബ്സ്റ്റേഷനിൽ നിന്നുള്ള ഒരു സിംഗിൾ സർക്യൂട്ട് 66 കെ.വി ലൈനിനെ മാത്രം ആശ്രയിക്കുന്ന കുട്ടനാട് സബ്സ്റ്റേഷനെ 110 കെ. വി നിലവാരത്തിലേക്ക് ഉയർത്താൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ